പി.എഫ്.ജനറൽ(3)/51412/2015 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം,

തിരുവനന്തപുരം. തീയതി, 19.11.2016

# സർക്കുലർ

വിഷയം-കെ.എ.എസ്.ഇ.പി.എഫ്- ഗെയിൻ പി എഫ് സംവിധാനം-അക്കൗണ്ടുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ-സംബന്ധിച്ച്

സൂചന :-1) ജി.ഒ.(പി) നം. 39/2016/ഫിൻ തീയതി, 16/03/2016

കെ.എ.എസ്.ഇ.പി.എഫ് അക്കൗണ്ടുകൾ സൂചന ഉത്തരവുപ്രകാരം ഗെയിൻ പി എഫ് സംവിധാനത്തിലൂടെ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്. ഗെയിൻ പി.എഫ് ഡാറ്റാബേസിൽ ഉള്ള വരിക്കാരുടെ അക്കൗണ്ട് നമ്പർ കെ.എ.എസ്.ഇ.പി.എഫിലുള്ള വരിക്കാരുടെ സ്പാർക്ക് ഡേറ്റയിൽ നിന്നും എടുത്ത് ചേർത്തിട്ടുള്ളതാണ്. ശരിയായ പി.എഫ് അക്കൗണ്ട് നമ്പർ ആണോ ഗെയിൻ പി.എഫ് സൈറ്റിൽ ഉള്ളത് എന്ന് ഉറപ്പുവരുത്തുന്നതിനായി 2015 ഒക്ടോബർ മുതൽ 2016 ജനുവരി വരെയുള്ള കാലയളവിലായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് അവസരം നൽകിയിരുന്നു. ഗെയിൻ പി.എഫ് നിലവിൽ ആദ്യ ഘട്ടമായതിനാലും കൃത്യമായ രീതിയിൽ പരിശോധന നടത്താത്തതിനാലും ഇപ്പോഴും പല പി.എഫ് വരിക്കാരുടെയും ഗെയിൻ പി.എഫ് വെബ്സൈറ്റിലും, സ്പാർക്കിലും അക്കൗണ്ട് നമ്പർ തെറ്റായും ബ്ലാങ്ക് ആയും കാണുന്നുണ്ട്. എന്നാൽ പി.എഫ് അക്കൗണ്ട് നമ്പർ കൃത്യമാണെങ്കിൽ മാത്രമേ ഗെയിൻ പി.എഫ് സൈറ്റിലേക്ക് 01.04.2016 മുതലുള്ള സ്പാർക്ക് ഡാറ്റകൾ പി.എഫ് അക്കൗണ്ടുകളിലേക്ക് എത്തിച്ചേരുകയുള്ളൂ. 2016-17 മുതലുള്ള പി.എഫ് ക്രെഡിറ്റ് കാർഡുകൾ ഓൺലൈനായി ലഭിയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. **ഓൺലൈനായി 2016-2017 ലെ ക്രെഡിറ്റ് കാർഡ് തയ്യാറാക്കി കഴിഞ്ഞാൽ പിന്നീട് അക്കൗണ്ട് നമ്പറിൽ തിരുത്തൽ അനുവദിക്കുന്നതല്ല. അതിനാൽ ഓരോ അക്കൗണ്ട് നമ്പരും കൃത്യതയോടെ പരിശോധിച്ച് ആവശ്യമെങ്കിൽ തിരുത്തൽ വരുത്തുന്നതിനായി എല്ലാ എയിഡഡ് സ്കൂൾ പി.എഫ് വരിക്കാർക്കും ഒരവസരം കൂടി നൽകുന്നു.**

ഗെയിൻ പിഎഫ് സൈറ്റ്- **gainpf.kerala.gov.in** ൽ അവരവരുടെ പെൻ നമ്പർ യൂസർ ഐ.ഡിയായും ജനനതീയതി പാസ്സ്‌വേർഡായും തുറന്ന് സേവനപുസ്തകത്തിൽ പതിച്ച പി എഫ് അഡ്മിഷൻ അപേക്ഷാ ഫോറം/ നോമിനേഷൻ ഫോറത്തിന്റെ പകർപ്പ് പരിശോധിച്ച് ആയതിലെ അക്കൗണ്ട് നമ്പർ തന്നെയാണോ ഗെയിൻ പി.എഫ് സൈറ്റിൽ

ഉള്ളത് എന്ന് ഉറപ്പുവരുത്തേതാണ്. അക്കൗണ്ട് നമ്പറിൽ അപാകതയുണ്ടെങ്കിൽ അത് തിരുത്തുന്നതിനായി അതാത് വരിക്കാർ അവരവരുടെ സേവനപുസ്തകത്തിൽ പതിച്ച പി.എഫ് അഡ്മിഷൻ അപേക്ഷാ ഫോറം/ നോമിനേഷൻ ഫോറത്തിന്റെ പകർപ്പ് എന്നിവ സഹിതം അതാത് സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖാന്തിരം 25.11.2016 ന് മുമ്പായി തന്നെ അതാത് അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടതാണ്. അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർമാർ പ്രസ്തുത അക്കൗ ണ്ട് നമ്പറുകൾ ഗെയിൻ പി.എഫ് സൈറ്റിൽ സീഡിങ്ങ് നടത്തി കൺഫോം ചെയ്തതിനു ശേഷം 29.11.2016നു മുമ്പായി തിരുത്തിയ അക്കൗണ്ട് നമ്പറുകളുടെ വിശദാംശങ്ങൾ കൺസോളിഡേറ്റ് ചെയ്ത് എക്സൽ ഫയലിൽ തയ്യാറാക്കി ചുവടെ കൊടുത്തിട്ടുള്ള ഇ-മെയിൽ വിലാസങ്ങളിലേക്ക് അയച്ച് തരേണ്ടതുമാണ്. മേൽ സൂചിപ്പിച്ച തീയതിക്കകം റിപ്പോർട്ട് നൽകാത്തപക്ഷം ഇക്കാര്യത്തിൽ ഇനി ഒരു അവസരം കൂടി തരുന്നതല്ലായെന്ന് അറിയിക്കുന്നു.

അതോടൊപ്പം തന്നെ പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർ അവരവരുടെ തസ്തികയുടെ പേര് ഗെയിൻ പി.എഫ് സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതും കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളാണെങ്കിൽ ട്രാൻസ്ഫർ ലഭിച്ചവർ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേര് അപ്പ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ഇതിനായി നേരത്തേ സൂചിപ്പിച്ചത് പോലെ തന്നെ ഗെയിൻ പിഎഫ് സൈറ്റ് **gainpf.kerala.gov.in** തുറന്ന് അവരവരുടെ പെൻ നമ്പർ യൂസർ ഐ.ഡിയായും ജനനതീയതി പാസ്സ്‌വേഡായും ഉപ യോഗിച്ച് താഴ്ഭാഗത്തുള്ള Update Profile ബട്ടൺ ക്ലിക്ക് ചെയ്ത് **സ്പാർക്കിൽ ഉള്ളത് പ്രകാരമുള്ള നിലവിലെ പ്രൊഫൈൽ അപ്പ്ഡേറ്റ് ചെയ്യേണ്ടതാണ്.** ഇത് ചെയ്യുമ്പോൾ അതാത് വരിക്കാർ അവരവരുടെ ജോലിയിൽ പ്രവേശിച്ച തീയതിയും മറ്റ് എല്ലാ വിവരങ്ങളും കൂടി പരിശോധിക്കേണ്ടതാണ്. കൂടാതെ അതാത് വരിക്കാരുടെ മൊബൈൽ നമ്പർ, ഇ മെയിൽ ഐ.ഡി എന്നിവയും എഡിറ്റ് ചെയ്ത് അപ്പ്ഡേറ്റ് ചെയ്യാവുന്നതാണ്.

**സ്കൂൾ പുതിയ ട്രഷറിയിലേക്ക് മാറിയവർ** സ്പാർക്ക് ഫോറം 7 സ്പാർക്ക് അധികൃതർക്ക് നൽകി സ്പാർക്കിൽ ട്രഷറിയുടെ പേര് ആദ്യം അപ്പ്ഡേറ്റ് ചെയ്യേണ്ടതും സ്പാർക്ക് വഴി ഒരു ബില്ലെങ്കിലും മാറിയ ശേഷം ആ വിവരം എ.പി.എഫ്.ഒ മാരെ അറിയിക്കേണ്ടതുമാണ്. **സംരക്ഷിത അദ്ധ്യാപകർ ജോലി ചെയ്യുന്ന** ഗവ. സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ ജി.പി.എഫ് വരിക്കാരായതിനാലും കന്യാസ്ത്രീകളായ എയിഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് പി.എഫ്

ഇല്ലാത്തതിനാലും ഐ.ഡി നിലവിൽ ഗെയിൻ പി.എഫ് സൈറ്റിൽ ഇല്ല. പ്രസ്തുത ഗവ. സ്കൂൾ പ്രധാനാദ്ധ്യാപകരെയും പി.എഫ് എക്സംപ്ഷൻ ഉള്ള കന്യാസ്ത്രീകളായ എയിഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകരെയും സ്കൂളിലെ പി.എഫ് സംബന്ധിച്ച കാര്യങ്ങൾ നടത്തുന്നതിനായി ഗെയിൻ പി.എഫ് സൈററിലേക്ക് ചേർക്കുന്നതിനും പുതുതായി കെ.എ.എസ്.ഇ.പി.എഫിൽ അഡ്മിഷൻ ലഭിച്ച ശേഷം സ്പാർക്ക് വഴി പി.എഫിലേക്ക് തുക നിക്ഷേപിച്ച **പുതിയ വരിക്കാരായ അദ്ധ്യാപക/അനദ്ധ്യാപകരെ** ഗെയിൻ പി.എഫ് സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനുമായി പ്രത്യേക അപേക്ഷ തയ്യാറാക്കി അതാത് അദ്ധ്യാപക/അനദ്ധ്യാപകരുടെ സ്പാർക്ക് പേർസണൽ മെമ്മോറാണ്ടം ഷീറ്റിന്റെ പ്രിന്റൗട്ട് സഹിതം അതാത് എ.പി.എഫ്.ഒമാർക്ക് നൽകേണ്ട തുമാണ്. സംരക്ഷിത അദ്ധ്യാപകരുടെ വിവരങ്ങൾ നൽകുന്നതോടൊപ്പം അവരുടെ മാതൃവിദ്യാലയം സംബന്ധിച്ച വിശദാംശങ്ങളും കൂടി നൽകേണ്ടതാണ്. ടി വിവരങ്ങൾ എ.പി.എഫ്.ഒമാർ പ്രസ്തുത അദ്ധ്യാപക/അനദ്ധ്യാപകരുടെ പെൻ നമ്പർ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം അവരെ ഗെയിൻ പി.എഫ് സൈറ്റിലേക്ക് ചേർക്കേണ്ടതാണ്.

എയിഡഡ് സ്കൂളുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ പുനർനിയമനം വഴിയോ ബി.ആർ.സി കളിലോ മററ് സ്ഥാപനങ്ങളിലോ ഇപ്പോൾ ജോലി ചെയ്യുന്നവരുടെ വിശദ വിവരങ്ങൾ (പേര്, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം, ട്രഷറി, ജില്ല, മററ് വിവരങ്ങൾ) അതാത് എ.പി.എഫ്.ഒമാർക്ക് നൽകണം. പി.എഫിലേക്ക് ചെലാൻ വഴി തുക അടക്കുന്നവർ ഓരോ വരിക്കാർക്കും പ്രത്യേകം ചെലാൻ അടക്കേണ്ട തും ചെലാനിൽ അതാത് വരിക്കാരുടെ പി.എഫ് അക്കൗണ്ട് നമ്പർ, പെൻനമ്പർ, അടവിന്റെ ഉദ്ദേശം, മററ് വിശദാംശങ്ങൾ എന്നിവ ചേർക്കേണ്ടതുമാണ്. അതോടൊപ്പം 01.04.2016 ന് ശേഷം ട്രഷറി ചെലാൻ പ്രകാരം പി.എഫിലേക്ക് തുക അടച്ചിട്ടുള്ളവർ അവരവരുടെ പെൻ നമ്പർ അതാത് എ.പി.എഫ്.ഒ മാരെ അറിയിക്കേണ്ടതാണ്.

ഗെയിൻ-പി.എഫ് സൈറ്റിൽ മെനുമാനേജ്മെന്റ്, സ്കൂൾ ഹെഡ്മാസ്റ്ററുടെ ഐ.ഡി യിൽ മാത്രമേ സെറ്റ് ചെയ്യാൻ പാടുള്ളു എന്നും Loan Processing-Scrutiny-Varification,Entry Opening Balance-OB Loan, Varification-Opening Balance-OB Loan എന്നീ മെനുകൾ മാത്രമേ സെറ്റ് ചെയ്യാൻ പാടുള്ളു എന്നും അറിയിക്കുന്നു. 2014-15 ക്രഡിറ്റ് കാർഡ് ലഭിച്ചവർ 2015-16 ഓപ്പണിങ്ങ് ബാലൻസും എൻട്രി-ഓപ്പണിങ്ങ് ബാലൻസ് മെനുവിൽ 01.04.2015 മുതൽ 31.03.2016 വരെയുള്ള പി.എഫ് വിവരങ്ങളും എൻട്രി-ഒ.ബി ലോൺ മെനുവിൽ 2016 ഫെബ്രുവരി മാസത്തെ ശമ്പള ഷെഡ്യൂൾ, അതായത് 31.03.2016 നുള്ളിൽ അടച്ച റിഫണ്ട് ഇൻസ്റ്റാൾമെന്റ് നമ്പറും

മറ്റ് വിവരങ്ങളും മാത്രമേ എൻട്രി ചെയ്യാൻ പാടുള്ളൂ. 2015-16 ക്രഡിറ്റ് കാർഡ് ലഭിച്ചവർ 2016-17 ഓപ്പണിങ്ങ് ബാലൻസിൽ നിന്നു നേരത്തേ പി.എഫിൽ മെർജ് ചെയ്തിട്ടുള്ള ഡി.എ/സാലറി അരിയറുകൾ (due ആകാത്തത്) മാത്രമാണ് കുറക്കേണ്ടത്. 01.04.2016 മുതലുള്ള പി.എഫ് വിവരങ്ങൾ സ്പാർക്ക് ഡാറ്റയായി സൈറ്റിൽ വരുന്നതാണ്.

കംബയിൻഡ് ക്രെഡിറ്റ് കാർഡ്- കോർപ്പറേറ്റ് മാനേജ്മെന്റ് സ്ക്കൂളുകളിൽ നിന്നും ട്രാൻസ്ഫർ ആയി മറ്റ് സ്ക്കൂളുകളിലേക്ക് മാറിയ അദ്ധ്യാപക/അനദ്ധ്യാപകരുടെ പി.എഫ് അക്കൗണ്ട് വിവരങ്ങൾ അപേക്ഷ ലഭിക്കാത്തതിനാൽ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് സാധിക്കുന്നില്ലെന്ന് വിവിധ എ.പി.എഫ്.ഒ മാർ അറിയിച്ചിട്ടുണ്ട്. പുതിയ സ്ക്കൂളിലേക്ക് അക്കൗണ്ട് വിവരങ്ങൾ മാററുന്നതിനായി ഇനിയും അപേക്ഷ നൽകിയിട്ടില്ലാത്തവർ സ്ക്കൂളിന്റെ പേർ, ട്രഷറി, ജില്ല തുടങ്ങി എല്ലാ വിശദാംശങ്ങളും സഹിതം നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖാന്തിരം അതാത് അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർമാർക്ക് എത്രയും വേഗം അപേക്ഷ നൽകേണ്ടതും, എ.പി.എഫ്.ഒ മാർ മേൽ അദ്ധ്യാപക/അനദ്ധ്യാപകർ നേരത്തേ ജോലി ചെയ്തിരുന്ന ജില്ലയിലെ എ.പി.എഫ്.ഒ മാരിൽ നിന്നും ക്ളോഷർ തുക transfer ചെയ്ത് വാങ്ങി അക്കൗണ്ടുകൾ update ചെയ്ത് എത്രയും വേഗം 2015-2016-ലെ ക്രഡിറ്റ് കാർഡ് വിതരണം ചെയ്യേണ്ടതാണ്. 31.03.2016 വരെയുള്ള ഇത്തരത്തിലുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്താൽ മാത്രമെ ഗെയിൻ പി.എഫ് സംവിധാനം വഴി പി.എഫ് ഇടപാടുകൾ നടത്താൻ സാധിക്കുകയുള്ളു. പി.എഫിൽ മെർജ് ചെയ്തിട്ടുള്ള ഡി.എ/സാലറി അരിയറിന്റെ ഗഡുക്കളായി തിരിച്ചുള്ള വിവരങ്ങൾ ചേർക്കുന്നതിനുള്ള സംവിധാനം ഗെയിൻ പി.എഫ് സൈറ്റിൽ പുതുതായി ഒരുക്കിയിട്ടുണ്ട്.

**അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർമാർ ഓരോ ലോൺ അപേക്ഷയും sanctioning authority-ക്ക് forward ചെയ്യുന്നതിന് മുൻപായി അക്കൗണ്ടുകൾ കൃത്യമായി പരിശോധിച്ച് അതുവരെ എടുത്തിട്ടുള്ള എല്ലാ ലോണുകളും കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. അല്ലാത്തപക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്തം അതാത് എ.പി.എഫ്.ഒ മാർക്കായിരിക്കും.**

ഗെയിൻ പി.എഫ് വഴി പി.എഫ് ലോണിന് അപേക്ഷിക്കുമ്പോൾ ഉണ്ടാവുന്ന അപാകതകൾ പരിഹരിച്ചുകിട്ടുന്നതിന് സ്കൂളിന്റെ പേര് സ്പാർക്ക് കോഡ്, ബന്ധപ്പെട്ട ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പേര്, സ്പാർക്ക് കോഡ്, സ്കൂൾ പ്രധാനാദ്ധ്യാപകന്റെയും അപേക്ഷകരുടേയും ഐ.ഡി, പാസ്സ്‌വേർഡ് ഉൾപ്പെടെ എല്ലാ

വിശദാംശങ്ങളും സഹിതം ഇ മെയിലായി അതാത് അസിസ്റ്റന്റ് പ്രൊവിഡൻ ഫണ്ട് ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇവ കൺസോളിഡേറ്റ് ചെയ്ത് എ.പി.എഫ്.ഒ മാർ ഈ ഓഫീസിലേക്കും,ഗെയിൻ പി.എഫ്ന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായ ശ്രീ.വിനോയ്ചന്ദ്രനും ഇമെയിലായി അയച്ചുതരണം (e-mail Id : dpi.pfgeneral@gmail.com, vcrkottaram@gmail.com). ശ്രീ.വിനോയ്ചന്ദ്രൻ മേൽ പരാതികൾ പരിഹരിക്കേണ്ടതും സാധിക്കാത്തവ അപ്പപ്പോൾ തന്നെ എൻ.ഐ.സിയുമായി ബന്ധപ്പെട്ട് റെക്ടിഫൈ ചെയ്യേണ്ടതുമാണ്. പ്രൊവിഡന്റ് ഫണ്ട് ഓഫീസുകളിലെ ഡിസ്ട്രിക്റ്റ് നോഡൽ ഓഫീസേഴ്സിന്റെ മൊബൈൽ നമ്പറും ഇ മെയിൽ വിലാസവും ഗെയിൻ പി.എഫ് സൈറ്റിൽ ഹെൽപ്പ്ലൈൻ നമ്പറായി ലഭ്യമാണ്.

ബി.എസ്.ബെൻസ്
സീനിയർ ഫിനാൻസ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1.എല്ലാ അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർമാർക്കും
2.എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
3.എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മേൽ സർക്കുലറും ഗെയിൻ പി.എഫ് സംബന്ധിച്ച ഇൻസ്ട്രക്ഷൻസും അവരവരുടെ ഓഫീസിനു കീഴിലുള്ള എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർക്കും എത്രയും പെട്ടെന്നു തന്നെ സർക്കുലേറ്റ് ചെയ്യേണ്ടതാണ്. എല്ലാ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ഗവ. സ്കൂളുകളിൽ ജോലി ചെയ്യുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കും ബി.ആർ.സികളിൽ ജോലി ചെയ്യുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കും ഉൾപ്പെടെ എല്ലാ കെ.എ.എസ്.ഇ.പി.എഫ് വരിക്കാർക്കും മേൽപടി ഇൻസ്ട്രക്ഷൻസ് അതാത് സ്കൂൾ പ്രധാനാദ്ധ്യാപകർ/ ബി.ആർ.സി മുഖാന്തിരം ലഭിച്ചു എന്ന് ഉറപ്പ്വരുത്തേണ്ടതുമാണ്.

..............................................................